(സി) ഉണ്ട്. ഉത്പാദന മേഖലയുടെ വിഹിതം 40 ശതമാനമായി 2007-ൽ വർദ്ധിപ്പിച്ചതിനുപുറമെ വകമാറ്റി ചെലവഴിച്ച തുക പതിനൊന്നാം പദ്ധതിയുടെ ആദ്യ മൂന്ന് വർഷങ്ങളിലായി പരിഹരിക്കുകയും ചെയ്തു.

(ഡി) ഉണ്ട്. ഉദ്യോഗസ്ഥർക്ക് വാർഡുകളുടെ ചുമതല നൽകുകയും ടാർജറ്റ് നിശ്ചയിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാതലത്തിൽ വിളിച്ചു ചേർക്കുന്ന സെക്രട്ടറിമാരുടെ പ്രതിമാസ യോഗത്തിൽ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

(ഇ) (1) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി ഒരു എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചു.

(2) ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചു.

(3) പദ്ധതി തയ്യാറാക്കൽ, പരിശോധന, അംഗീകാരം എന്നീ നടപടികൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു.

(4) ജനന-മരണ രജിസ്ട്രേഷൻ നടപടികൾ കമ്പ്യൂട്ടർവൽക്കരിച്ചു.

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതി

15 (*196) ശ്രീ. വർക്കല കഹാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ രണ്ടാം ഗഡു ഇതുവരെ ഏതൊക്കെ ജില്ലകൾക്ക് ലഭിക്കുകയുണ്ടായി എന്നറിയിക്കുമോ ;

(ബി) രണ്ടാം ഗഡുവായി ഈ ജില്ലകൾക്ക് ആകെ എത്ര കോടി രൂപയാണ് ഇതുവരെ ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ആവശ്യമായ രേഖകൾ സമർപ്പിക്കാത്തത് കാരണം രണ്ടാം ഗഡു വൈകിയതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാന സർക്കാരിന്റെ അംഗീകാരമില്ലാതെ ഏതെങ്കിലും ജില്ല രണ്ടാം ഗഡുവിനുള്ള അപേക്ഷ നേരിട്ട് കേന്ദ്രത്തിന് നൽകിയ സംഭവം ഉണ്ടായിട്ടുണ്ടോ ;

(ഇ) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, ആലപ്പുഴ, കണ്ണൂർ, തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോട്ടയം.

(ബി) 16563.22 ലക്ഷം രൂപ.

(സി) നിബന്ധനകൾ പാലിച്ചുകൊണ്ടാണ് രണ്ടാം ഗഡുവിനുള്ള അപേക്ഷകൾ സമർപ്പിച്ചത്. സെപ്റ്റംബർ 30-നകം സമർപ്പിക്കുന്ന രണ്ടാം ഗഡുവിനുള്ള അപേക്ഷയോടൊപ്പം ആഡിറ്റ് റിപ്പോർട്ട് നൽകേണ്ടതില്ല എന്നാൽ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് രേഖകൾ വീണ്ടും നൽകിയിട്ടുണ്ട്.

(ഡി) പത്തനംതിട്ട രണ്ടാം ഗഡുവിനുള്ള അപേക്ഷയുടെ അഡ്വാൻസ് കോപ്പി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിനയച്ചിട്ടുണ്ട്.

(ഇ) ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

സുനാമി ദുരിതബാധിതർക്കു വേണ്ടി നടപ്പിലാക്കിയ പദ്ധതി

16 (*196) ശ്രീ. ജി. വിശ്വൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരിതബാധിതർക്ക് ആശ്വാസം നൽകുന്നതിനും നഷ്ടപ്പെട്ട ജീവിതം തിരിച്ചു നൽകുന്നതിനുമായി മത്സ്യമേഖലയിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ജീവനോപാധികളുടെ പുനഃസ്ഥാപനത്തിനായി എത്ര കോടി രൂപ ചെലവഴിച്ചു ;

(സി) മത്സ്യമേഖലയിൽ ഏതെല്ലാം പുതിയ പ്രോജക്ടുകൾ ആരംഭിച്ചു ;

(ഡി) സ്ത്രീകളുടെ ആക്ടിവിറ്റി ഗ്രൂപ്പുകൾ വഴി നടത്തുന്ന തൊഴിൽ സംരംഭങ്ങൾ വിജയകരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(എഫ്) മത്സ്യവിഭവങ്ങൾക്ക് പ്രാധാന്യം നൽകി ആരംഭിച്ച സീഫുഡ് കിച്ചണുകൾ കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly